## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3074**

23-3-2015 ൽ
മറുപടിയ്ക്ക്

### സൈബർ ദർശൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് സി-ഡിറ്റ് 'സൈബർ ദർശൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | എ) സി-ഡിറ്റ് സൈബർ ദർശൻ എന്ന പദ്ധതിക്ക് രൂപം നൽ കിയിട്ടുണ്ട്. കേരളത്തിന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകരിച്ച പദ്ധതിയാണ് സൈബർ ദർശൻ. |
| ബി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) കേരളത്തിൽ ഇന്റർനെറ്റിന്റെ ഉപയോഗം സമീപ വർഷങ്ങളിലായി കുത്തനെ ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇന്റർനെറ്റിന്റെ ഉപയോഗം വർദ്ധിച്ചു വരുന്നതിന് സമാനമായി സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണവും പെരുകി വരുന്നു. കേരളത്തിലെ സ്കൂൾ കുട്ടികൾക്കിടയിൽ ഇന്റർനെറ്റിന്റെ ഉപയോഗം വ്യാപകമാകുന്നതിന് അനുസൃതമായി ഇവർക്കിടയിൽ ഇന്റർനെറ്റിന്റെ ദുരുപയോഗവും വ്യാപകമാവുകയാണ്. സ്കൂൾ കുട്ടികൾക്കിടയിൽ നടക്കുന്ന സൈബൽ കുറ്റകൃത്യങ്ങളുടെ എണ്ണവും കുത്തനെ പെരുകുകയാണെന്നാണ് കണക്കാക്കപ്പെടുന്നത്. ഈ സാഹചര്യത്തിൽ സ്കൂൾ കുട്ടികൾക്കിടയിൽ വ്യാപകമായിക്കൊ ണ്ടിരിക്കുന്ന ഇന്റർനെറ്റിന്റെ ദുരുപയോഗത്തിനെതിരെ വ്യാപകവും നീണ്ടു നിൽക്കുന്നതുമായ അവബോധപരിപാടികൾ സംഘടിപ്പി ക്കുക എന്നതാണ് സൈബർ ദർശൻ പദ്ധതിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യം. |
| സി) സൈബർ സുരക്ഷാ ബോധവൽക്കരണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) കേരളത്തിലെ എല്ലാ ജില്ലകളിലേയും സർക്കാർ സ്കൂളുകളിലെ കുട്ടികൾക്കിടയിൽ ഇന്റർനെറ്റിന്റെ ദുരുപയോഗത്തിനെതിരെ വ്യാപകമായ അവബോധം സൃഷ്ടിക്കുക എന്നതാണ് സൈബർ ദർശൻ പദ്ധതിയുടെ ആദ്യഘട്ടം. സ്കൂളുകളിലെ തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും അവർ പിന്നീട് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഇടയിൽ അവബോധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്ന രീതിയാണ് അവലംബിക്കുന്നത്. |

| | |
|---|---|
| | രണ്ടാം ഘട്ടത്തിൽ സ്കൂളുകളിൽ സൈബർ ക്ലബ്ബുകൾ രൂപീകരിക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു. സ്കൂളുകളിലെ പ്രധാന അദ്ധ്യാപകൻ/ അദ്ധ്യാപിക, അദ്ധ്യാപക പ്രതിനിധി, പി.ടി.എ ഭാരവാഹി, ഏതാനും വിദ്യാർത്ഥി പ്രതിനിധികൾ- എന്നിവർ- അടങ്ങുന്നതായിരിക്കും സ്കൂളുകളിലെ സൈബർ ക്ലബ്ബുകൾ. അതത് സ്കൂളുകളിലെ ഇന്റർനെറ്റ് ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സൈബർ കുറ്റങ്ങൾ തുടങ്ങിയവ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ, മറ്റ് തനത് പരിപാടികൾ എന്നിവയായിരിക്കും സൈബർ ക്ലബ്ബുകളുടെ പ്രവർത്തനമേഖല. ഇത്തരം ക്ലബ്ബുകളുടെ പ്രവർത്തനത്തിലൂടെ ഉത്തരവാദിത്തത്തോടെ ഇന്റർനെറ്റ് ഉപയോഗിക്കുന്ന വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കാൻ ആവുമെന്നാണ് സൈബർ ദർശൻ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. |
| ഡി) പദ്ധതി നടത്തിപ്പിനായി (ഡി) ഭരണ തലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ ? | ഇപ്പോൾ പദ്ധതി നടപ്പിലാക്കി വരുന്നത് സി- ഡിറ്റ് മുഖേനയാണ്. |

സെക്ഷൻ ഓഫീസർ